## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 530

08.08.2017 - ൽ മറുപടിക്ക്.

### ഒളവണ്ണ ടൂൾ റൂം കം ട്രെയിനിംഗ് സെന്റർ

ചോദ്യം
ശ്രീ. വി.കെ.സി. മമ്മത് കോയ

മറുപടി
ശ്രീ. എ. സി. മൊയ്തീൻ
(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി).

| ചോദ്യം | മറുപടി |
|---|---|
| (എ) ഒളവണ്ണ ടൂൾ റൂം കം ട്രെയിനിംഗ് സെന്ററിൽ എത്ര തൊഴിലാളികൾ ഉണ്ടെന്നും പ്രസ്തുത തൊഴിലാളികൾ എത്ര വർഷമായി ജോലി ചെയ്യുന്നവരാണെന്നും വ്യക്തമാക്കാമോ ; | (എ) : ഒളവണ്ണ ടൂൾ റൂം കം ട്രെയിനിംഗ് സെന്ററിൽ 15 ജീവനക്കാർ ഉണ്ട്. ഇവരിൽ 2011 മുതൽ 3 പേരും 2012 മുതൽ 5 പേരും 2014 മുതൽ 6 പേരും 2015 മുതൽ ഒരാളും ഇവിടെ ജോലി ചെയ്യുന്നുണ്ട്. |
| (ബി) പ്രസ്തുത സ്ഥാപനത്തിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ പ്രൊബേഷൻ വർഷങ്ങളായി പ്രഖ്യാപിക്കാതിരിക്കുന്നതും അർഹതപ്പെട്ട വാർഷിക ഇൻക്രിമെന്റുകൾ നൽകാതിരിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അത് പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ സ്വീകരിക്കുമോ ? | (ബി) : ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒളവണ്ണ ടൂൾ റൂം കം ട്രെയിനിംഗ് സെന്ററിലെ സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച് പഠനം നടത്തുന്നതിന് സിഡ്കോയുടെ ഡയറക്ടർ ബോർഡ് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

ജക/01/08